9493
8/4/18

# കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഡി.എഡ് (D.Ed) കോഴ്സിനെ ഡി.എൽ.ഇ.ഡി (D.El.Ed) എന്ന് പുനർനാമകരണം ചെയ്യും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1700/18/പൊ.വി.വ** തീയതി, തിരുവനന്തപുരം, 05.05.18

പരാമർശം:- 1) 2018 ഫെബ്രുവരി 20 ന് ചേർന്ന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് മിനുട്സ്.

2) എസ്.സി.ഇ.ആർ.റ്റി. ഡയറക്ടറുടെ 20.03.18 ലെ പി IV/1138/2018/എസ്.സി.ഇ.ആർ.റ്റി. നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ അദ്ധ്യാപക വിദ്യാഭ്യാസ വിഭാഗത്തിൽ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് (ടി.ടി.സി.) 2013 വർഷത്തിൽ ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്.) എന്ന് നാമകരണം ചെയ്തിരുന്നുവെന്നും 2014 ലെ എൻ.സി.ടി.ഇ ചട്ടങ്ങൾ പ്രകാരം ഡി.എഡ്. എന്ന കോഴ്സ് ഡി.എൽ.ഇ.ഡി. (D.El.Ed.) എന്ന് വീണ്ടും പുനർനാമകരണം ചെയ്യുകയുണ്ടായെന്നും എന്നാൽ കേരളത്തിൽ നിലവിൽ ഡി.എഡ്. എന്ന പേരിൽ തന്നെയാണ് പ്രസ്തുത കോഴ്സ് തുടർന്നുവരുന്നതെന്നും കോഴ്സിന്റെ പേര് ഡി.എൽ.ഇ.ഡി. (D.El.Ed.) എന്നാക്കി മാറ്റുന്നതിനും 2018 ജൂൺ മാസം മുതൽ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനും സൂചന (1) ലെ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഡി.എഡ്. എന്ന പേരിൽ തുടർന്നുവരുന്ന കോഴ്സിനെ 2018 ജൂൺ മാസം മുതൽ ഡി.എൽ.ഇ.ഡി. (D.El.Ed.) എന്ന് പുനർനാമകരണം ചെയ്യാനും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കാനും അനുമതി ഉത്തരവ് നൽകണമെന്നഭ്യർത്ഥിച്ച് സൂചന (2) പ്രകാരം ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഡി.എഡ് (D.Ed) കോഴ്സിനെ 2018 ജൂൺ മാസം മുതൽ ഡി.എൽ.ഇ.ഡി (D.El.Ed) എന്ന് പുനർനാമകരണം ചെയ്യും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു. ഇതു സംബന്ധിച്ച തുടർനടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. എന്നിവർ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**

**അഡീഷണൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം

ഡയറക്ടർ, സീമാറ്റ്-കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ